ഇംപീച്ച്മെന്റ്: നീതിന്യായ വ്യവസ്ഥയ്ക്ക് വെല്ലുവിളിയെന്ന് ജയ്റ്റ്‌ലി

ന്യൂഡൽഹി: ചീഫ് ജസ്റ്റിസ് ദീപക് മിശ്രയെ ഇംപീച്ച് ചെയ്യാനുള്ള നീക്കം നീതിന്യായ വ്യവസ്ഥയ്ക്ക് വെല്ലുവിളിയാണെന്ന് ധനമന്ത്രി അരുൺ ജയ്റ്റ്‌ലി പറഞ്ഞു. നിയമപരമായ അയോഗ്യതയോ ദുർഭരണം നടത്തിയെന്ന് തെളിയുകയോ ചെയ്താൽ മാത്രമേ ഇംപീച്ച്മെന്റ് നീക്കം പാടുള്ളൂ. എന്നാൽ കോൺഗ്രസും പ്രതിപക്ഷ പാർട്ടികളും ചേർന്ന് ഇംപീച്ച്മെന്റിനെ രാഷ്ട്രീയമായിട്ട് ഉപയോഗിക്കുകയാണെന്നും ജയ്റ്റ്‌ലി കുറ്റപ്പെടുത്തി.

ചീഫ് ജസ്റ്റിസിനെതിരെ ഇംപീച്ച്മെന്റ് നോട്ടീസുമായി പ്രതിപക്ഷം

വി.എസ്. സനകൻ

ന്യൂഡൽഹി: സുപ്രീംകോടതി ചീഫ് ജസ്റ്റിസ് ദീപക് മിശ്രയ്ക്കെതിരെ ഇംപീച്ച്മെന്റ് പ്രമേയം കൊണ്ടുവരാൻ കോൺഗ്രസ് ഉൾപ്പെടെ ഏഴ് പ്രതിപക്ഷ പാർട്ടികൾ ഇന്നലെ രാജ്യസഭാ അദ്ധ്യക്ഷനും ഉപരാഷ്ട്രപതിയുമായ എം. വെങ്കയ്യ നായിഡുവിന് നോട്ടീസ് നൽകി.

രാജ്യസഭയിലെ പ്രതിപക്ഷ നേതാവ് ഗുലാം നബി ആസാദിന്റെ നേതൃത്വത്തിൽ പ്രതിപക്ഷ നേതാക്കൾ വെങ്കയ്യ നായിഡുവിനെ സന്ദർശിച്ചാണ് നോട്ടീസ് കൈമാറിയത്.

പ്രമേയത്തിൽ 71 പേർ ഒപ്പിട്ടിട്ടുണ്ടെന്ന് ഗുലാം നബി ആസാദ് പറഞ്ഞു. ഇതിൽ ആറ് പേർ വിരമിച്ചതിനാൽ യഥാർത്ഥത്തിൽ 65 പേരുടെ പിന്തുണയേ ഉള്ളൂ. 50 പേരുടെ പിന്തുണയാണ് വേണ്ടത്.

ഗുലാം നബി ആസാദിന്റെ ചേംബറിൽ പ്രതിപക്ഷനേതാക്കൾ യോഗം ചേർന്ന ശേഷമാണ് ഉപരാഷ്ട്രപതിയെ കണ്ടത്. ഇംപീച്ച്മെന്റ് പ്രമേയത്തിന് വിവിധ കക്ഷികളുമായി സമവായത്തിനുള്ള ശ്രമത്തിലായിരുന്നു കോൺഗ്രസ്. ചരിത്രത്തിലാദ്യമായാണ് സുപ്രീംകോടതി ചീഫ് ജസ്റ്റിസിനെതിരെ ഇംപീച്ച്മെന്റ് നോട്ടീസ് നൽകുന്നത്. മുൻപ് മൂന്ന് ജഡ്ജിമാർക്കെതിരെ ഇംപീച്ച്മെന്റ് നടപടികൾ തുടങ്ങിയെങ്കിലും അവർ രാജിവച്ചതിനാൽ ഒരു ജഡ്ജിയും ഇതുവരെ ഇംപീച്ച്മെന്റിലൂടെ പുറത്തായിട്ടില്ല.

കോൺഗ്രസ് നേതാക്കളായ ഗുലാം നബി ആസാദ്, കപിൽ സിബൽ, സി.പി.ഐ നേതാവ് ഡി.രാജ എന്നിവർ ഡൽഹിയിൽ നടന്ന വാർത്താസമ്മേളനത്തിൽ

പ്രമേയത്തിന് പിന്തുണ

- കോൺഗ്രസ്
- സി.പി.എം
- സി.പി.ഐ
- എൻ.സി.പി
- എസ്.പി
- ബി.എസ്.പി
- ഐ.യു.എം.എൽ

ഒപ്പിടാത്തവർ

- തൃണമൂൽ
- ആർ.ജെ.ഡി
- ഡി.എം.കെ

ചീഫ് ജസ്റ്റിസിനെതിരെ അഞ്ച് കുറ്റങ്ങൾ

- ലക്നൗവിലെ പ്രസാദ് എഡ്യൂക്കേഷൻ ട്രസ്റ്റിന്റെ മെഡിക്കൽ കോളേജിന് അനുകൂലമായ വിധിക്കായി മുൻ ഹൈക്കോടതി ജഡ്ജിയുടെ നേതൃത്വത്തിൽ കോഴ കൈപ്പറ്റിയെന്ന കേസിൽ ചീഫ് ജസ്റ്റിസിനും അലഹബാദ് ഹൈക്കോടതി ജഡ്ജിക്കും എതിരെ ആരോപണം.
- താൻ അന്വേഷണ പരിധിയിൽ വരുന്ന കേസിൽ വിശദമായ അന്വേഷണത്തിനുള്ള ഹർജികൾ ചീഫ് ജസ്റ്റിസ് തള്ളി.
- കേസിലെ പൊതുതാത്പര്യ ഹർജിയിൽ ജസ്റ്റിസ് ചെലമേശ്വറിന്റെ ബെഞ്ചിന്റെ ഉത്തരവ് മറികടക്കാൻ ഉത്തരവിന്റെ തീയതി ചീഫ് ജസ്റ്റിസ് ഇടപെട്ട് തിരുത്തി.
- അഭിഭാഷകനായിരിക്കെ, ജസ്റ്റിസ് ദീപക് മിശ്ര വ്യാജസത്യവാങ്മൂലം നൽകി ഭൂമി തട്ടിയെന്ന ആരോപണം.
- ചീഫ് ജസ്റ്റിസ് എന്ന നിലയിൽ രാഷ്ട്രീയ കേസുകൾ താത്പര്യമുള്ള ബെഞ്ചുകൾക്ക് കൈമാറുന്നു.

മൻമോഹൻ ഒപ്പിട്ടില്ല

രാജ്യസഭാംഗങ്ങളായ മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗും മുൻ കേന്ദ്രമന്ത്രി പി. ചിദംബരവും പ്രമേയത്തിൽ ഒപ്പിട്ടില്ല. മുൻ പ്രധാനമന്ത്രി എന്ന നിലയിലാണ് അദ്ദേഹം ഒപ്പുവയ്ക്കാതിരുന്നത്. മൻമോഹന്റെ കാലത്താണ് ദീപക് മിശ്ര സുപ്രീംകോടതി ജഡ്ജിയായത്.

മകൻ കാർത്തിക്കെതിരായ കേസുകൾ ദീപക് മിശ്രയുടെ ബെഞ്ച് പരിഗണിക്കുന്നതിനാൽ പ്രതികാരമായി വിലയിരുത്തുമെന്ന് നിഗമനത്തിലാണ് ചിദംബരം ഒപ്പിടാതിരുന്നത്.

അസ്വസ്ഥതയുണ്ടാക്കുന്നു: കോടതി

ചീഫ് ജസ്റ്റിസിനെ ഇംപീച്ച് ചെയ്യണമെന്ന വാർത്തകൾ അസ്വസ്ഥതയുണ്ടാക്കുന്നുവെന്ന് സുപ്രീംകോടതി അഭിപ്രായപ്പെട്ടു. ഇംപീച്ച്മെന്റ് വാർത്തകൾ നൽകുന്നതിൽ നിന്ന് മാദ്ധ്യമങ്ങളെ വിലക്കണമെന്ന ഹർജി പരിഗണിക്കവേ ജസ്റ്റിസ് എ.കെ. സിക്രി അദ്ധ്യക്ഷനായ ബെഞ്ചാണ് ഇങ്ങനെ അഭിപ്രായപ്പെട്ടത്. ഹർജി മേയ് ഏഴിലേക്ക് മാറ്റി.

ഇംപീച്ച്മെന്റ് എങ്ങനെ

- ഇംപീച്ച്മെന്റ് പ്രമേയം രാജ്യസഭയിൽ കൊണ്ടുവരാൻ 50 അംഗങ്ങളുടെയും ലോക്‌സഭയിൽ നൂറ് അംഗങ്ങളുടെയും പിന്തുണ വേണം.
- പ്രമേയം അംഗീകരിക്കാനും തള്ളാനും രാജ്യസഭാ അദ്ധ്യക്ഷനും ലോക്‌സഭാ സ്പീക്കർക്കും അധികാരമുണ്ട്. അംഗീകരിച്ചാൽ ആരോപണങ്ങൾ അന്വേഷിക്കാൻ ചീഫ് ജസ്റ്റിസ് അല്ലെങ്കിൽ സുപ്രീംകോടതി ജഡ്ജി, ഏതെങ്കിലും ഹൈക്കോടതി ചീഫ് ജസ്റ്റിസ്, നിയമവിദഗ്ദ്ധൻ എന്നിവരുൾപ്പെടുന്ന മൂന്നംഗ സമിതിക്ക് രൂപം നൽകണം.
- ആരോപണങ്ങൾ ശരിയാണെന്ന് സമിതി കണ്ടെത്തിയാൽ പ്രമേയം സഭയുടെ പരിഗണനയ്ക്കെടുക്കും.
- സഭയിൽ ഹാജരുള്ള അംഗങ്ങളുടെ മൂന്നിൽ രണ്ട് ഭൂരിപക്ഷത്തോടെ പ്രമേയം പാസാകണം. തുടർന്ന് രണ്ടാമത്തെ സഭയിലും ഇതേ രീതിയിൽ പാസാകണം.
- രണ്ടിടത്തും പ്രമേയം പാസായാൽ രാഷ്ട്രപതിയുടെ അംഗീകാരത്തിന് വിടും.

ഇംപീച്ച്മെന്റ് ഇതുവരെ

- 1993ൽ സുപ്രീംകോടതി ജഡ്ജിയായിരുന്ന വി. രാമസ്വാമിക്കെതിരെ സി.പി.എം അംഗം സോമനാഥ് ചാറ്റർജി കൊണ്ടുവന്ന ഇംപീച്ച്മെന്റ് പ്രമേയത്തിന് ബി.ജെ.പിയുടെ പിന്തുണ നൽകിയെങ്കിലും ലോക്‌സഭയിൽ പാസായില്ല.
- 2011ൽ സിക്കിം ഹൈക്കോടതി ചീഫ് ജസ്റ്റിസ് പി.ഡി. ദിനകരനെതിരായ ആരോപണങ്ങൾ അന്വേഷിക്കാൻ അന്നത്തെ രാജ്യസഭാ അദ്ധ്യക്ഷൻ ഡോ. ഹമീദ് അൻസാരി മൂന്നംഗ സമിതിക്ക് രൂപം നൽകിയതിന് തൊട്ടുപിന്നാലെ രാജിവച്ചു. ഇതോടെ ഇംപീച്ച്മെന്റ് നടപടികൾ അവസാനിപ്പിച്ചു.
- 2011ൽ കൽക്കട്ട ഹൈക്കോടതി ജഡ്ജിയായിരുന്ന സൗമിത്ര സെന്നിനെതിരെ സി.പി.എം അംഗം സീതാറാം യെച്ചൂരി കൊണ്ടുവന്ന ഇംപീച്ച്മെന്റ് പ്രമേയം രാജ്യസഭയിൽ പാസായി. ചരിത്രത്തിലെ ആദ്യ സംഭവം.

കുട്ടികളെ മാനഭംഗപ്പെടുത്തുന്നവർക്ക് വധശിക്ഷ വേണമെന്ന് കേന്ദ്രം

ന്യൂഡൽഹി: പന്ത്രണ്ട് വയസിൽ താഴെ പ്രായമുള്ള പെൺകുട്ടികളെ മാനഭംഗപ്പെടുത്തുന്നവർക്ക് വധശിക്ഷ ഉറപ്പാക്കുന്ന രീതിയിൽ നിയമഭേദഗതി ഒരുങ്ങുന്നതായി കേന്ദ്രസർക്കാർ സുപ്രീംകോടതിയെ അറിയിച്ചു. ജമ്മു കാശ്മീരിലെ കത്വവയിൽ എട്ടു വയസുകാരി ക്രൂരമായ കൂട്ടമാനഭംഗത്തിനിരയായി കൊല്ലപ്പെട്ട സംഭവത്തിൽ രാജ്യത്താകെ പ്രതിഷേധം ഉയർന്നിരിക്കെയാണ് കേന്ദ്രം സുപ്രീംകോടതിയിൽ നിലപാട് അറിയിച്ചത്.

കുട്ടികൾക്കെതിരായ ലൈംഗിക അതിക്രമം തടയൽ (പോക്സോ) നിയമം ഭേദഗതി ചെയ്തു കൊണ്ട് പന്ത്രണ്ട് വയസിന് താഴെയുള്ള കുട്ടികളെ മാനഭംഗപ്പെടുത്തുന്നവർക്ക് വധശിക്ഷ ഉറപ്പാക്കണമെന്ന് അഡിഷണൽ സോളിസിറ്റർ ജനറൽ പി.എസ്. നരസിംഹ മുഖേന സമർപ്പിച്ച സത്യവാങ്മൂലത്തിൽ കേന്ദ്ര വനിതാ ശിശുക്ഷേമ മന്ത്രാലയം നിലപാട് അറിയിച്ചു.

വിവാഹച്ചടങ്ങിനിടെ രണ്ട് പെൺകുട്ടികളെ പീഡിപ്പിച്ച് കൊലപ്പെടുത്തി

റായ്പൂർ: ഛത്തീസ്ഗഡിലും ഉത്തർപ്രദേശിലും വിവാഹ ചടങ്ങിനിടെ രണ്ടു പെൺകുട്ടികൾ മാനഭംഗത്തിനിരയായി കൊല്ലപ്പെട്ടു. ഛത്തീസ്ഗഡിലെ കബിർധാം ജില്ലയിലെ ഒരു ഗ്രാമത്തിലായിരുന്നു ആദ്യ സംഭവം. സംഭവത്തിൽ 25-കാരനായ ഒരാളെ പൊലീസ് അറസ്റ്റ് ചെയ്തു.

എല്ലാവരും വിവാഹ ചടങ്ങിൽ പങ്കെടുക്കുന്നതിനിടെയാണ് പ്രതി കുട്ടിയെ ഇവിടെ നിന്ന് തട്ടിക്കൊണ്ട് പോയത്.

ഉത്തർപ്രദേശിൽ പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ കഴിഞ്ഞ ദിവസം വിവാഹച്ചടങ്ങിനിടെ മാനഭംഗപ്പെടുത്തി കൊലപ്പെടുത്തിയതിന് പിന്നാലെയാണ് ഇത്താ ജില്ലയിൽ വ്യാഴാഴ്ച രാത്രി സമാന സംഭവം ആവർത്തിച്ചത്.

നേപ്പാളിൽ വിമാനം റൺവേയിൽ നിന്ന് തെന്നിമാറി

കാഠ്മണ്ഡു: കാഠ്മണ്ഡുവിലെ ത്രിഭുവൻ അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഇന്നലെ വൈകിട്ട് ടേക് ഓഫ് ചെയ്യുന്നതിനിടെ റൺവേയിൽ നിന്ന് വിമാനം തെന്നിമാറി. എന്നാൽ വിമാനം ചെളിയിൽ പുതഞ്ഞ് നിന്നതിനാൽ വൻ ദുരന്തം ഒഴിവായി. 139 യാത്രക്കാരുമായി പറന്നുയരാൻ ശ്രമിച്ച മലിൻഡോ എയർജെറ്റ് വിമാനമാണ് അപകടത്തിൽപ്പെട്ടത്.

സംഭവത്തെ തുടർന്ന് വിമാനത്താവളത്തിലെ റൺവേ അടച്ചിട്ടു. നിരവധി അന്താരാഷ്ട്ര സർവീസുകളും റദ്ദ് ചെയ്തു. നാല് ജീവനക്കാരടക്കം 139 പേരാണ് വിമാനത്തിലുണ്ടായിരുന്നത്. ആർക്കും പരിക്കില്ല.

തേൻകെണിയുമായി പോയ യുവതി മാനംഭഗത്തിനിരയായി

സുരേന്ദ്ര ഗുജ്ജാർ

ആഗ്ര: ദാദ്രിയിൽ നിന്നുള്ള വ്യാവസായിയെ തേൻകെണിയിൽ കുടുക്കാനായി നിയോഗിക്കപ്പെട്ട യുവതി കൂട്ടമാനഭംഗത്തിന് ഇരയായതായി പരാതി. നോയിഡയിൽ നിന്നുള്ള കെട്ടിട ഇടപാടുകാരൻ സുരേന്ദ്ര ഗുജ്ജാറിന്റെ നേതൃത്വത്തിൽ സൽമാൻ മാലിക് എന്ന വ്യവസായിയെ തേൻകെണിയിൽ കുടുക്കാനായാണ് ചാർട്ടേഡ് അക്കൗണ്ടന്റിന്റെ സ്ഥാപനത്തിൽ ജോലിചെയ്യുന്ന 24 കാരിയെ നിയോഗിച്ചത്.

മൂന്നു വർഷം മുൻപ് കടം വാങ്ങിയ പത്തു ലക്ഷം രൂപ മടക്കി വാങ്ങാനുള്ള ശ്രമത്തിന്റെ ഭാഗമായിട്ടായിരുന്നു നീക്കം. മാലികുമായി ചേർന്ന് അശ്ലീല ചിത്രങ്ങളെടുത്ത് ഭീഷണിപ്പെടുത്തുകയായിരുന്നു സംഘത്തിന്റെ ലക്ഷ്യം. എന്നാൽ സൽമാൻ മാലികും സുഹൃത്തും ചേർന്ന് യുവതിയെ കാറിനുള്ളിൽ വച്ച് മാനഭംഗത്തിന് ഇരയാക്കുകയായിരുന്നു. കാറിൽ ഉറക്കെ പാട്ടുവച്ചതിനുശേഷമാണ് മാനഭംഗപ്പെടുത്തിയതെന്ന് പൊലീസ് പറഞ്ഞു. സംഭവത്തെ തുടർന്ന് സുരേന്ദ്ര ഗുജ്ജാറിനെ പൊലീസ് കസ്റ്റഡിയിലെടുത്തു. വൈദ്യപരിശോധനയിൽ യുവതി മാനഭംഗത്തിന് ഇരയായതായി വ്യക്തമായിട്ടുണ്ട്.

ക്യൂബയ്ക്ക് ഇനി മിഗ്വേൽ യുഗം

ഹവാന: കമ്മ്യൂണിസ്റ്റ് ക്യൂബയുടെ പ്രസിഡന്റായി മിഗ്വേൽ ഡിയാസ് കാനൽ അധികാരമേറ്റു. 1959 ലെ ക്യൂബൻ വിപ്ലവാനന്തരം രാജ്യത്തിന്റെ തലപ്പത്തെത്തുന്ന ആദ്യത്തെ 'കാസ്ട്രോ' അല്ലാത്ത പ്രസിഡന്റാണ് മിഗ്വേൽ ഡിയാസ് കാനൽ. കഴിഞ്ഞ അഞ്ചു വർഷക്കാലം ക്യൂബയുടെ വൈസ് പ്രസിഡന്റായിരുന്ന മിഗ്വേൽ. മുതലാളിത്തത്തെ പിന്തുണയ്ക്കുന്നവർക്ക് ക്യൂബയിൽ സ്ഥാനമുണ്ടാകില്ലെന്ന് അധികാരമേറ്റെടുത്തുകൊണ്ട് മിഗ്വേൽ പറഞ്ഞു.

വില്ല ക്ലാരയിലെ പ്ലാസെറ്റാസിൽ ഫാക്ടറി തൊഴിലാളിയുടെ മകനായി 1960 ഏപ്രിൽ 20നാണ് മിഗ്വേൽ ജനിച്ചത്. ഇലക്ട്രോണിക് എൻജിനിയറിംഗിൽ ബിരുദം നേടിയ ശേഷം മൂന്നുവർഷം സൈനികസേവനമനുഷ്ഠിച്ചു. 1985ൽ അദ്ധ്യാപകനായി. രണ്ടുവർഷത്തിനു ശേഷം കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ യുവജനവിഭാഗം സെക്രട്ടറിയായി പാർട്ടി പ്രവർത്തനങ്ങൾക്കായി നിക്കരാഗ്വയിലേക്കു പോയി. 1993ൽ വില്ല ക്ലാരയിലെ പാർട്ടിയുടെ സെക്രട്ടറിയായി.

ഇക്കാലയളവിൽ സാധാരണക്കാരുടെ ജീവിതം നേരിട്ടു മനസിലാക്കാനായി ഗ്രാമങ്ങളിലൂടെ യാത്ര ചെയ്തു. സോവിയറ്റ് യൂണിയന്റെ തകർച്ചയ്ക്കുശേഷം രാജ്യത്ത് കാസ്ട്രോ സഹോദരന്മാരുടെ പ്രവർത്തനങ്ങൾക്കൊപ്പം ചേർന്നു. പിന്നീട് വടക്കൻ സംസ്ഥാനമായ ഹോൾഗ്വിനിലെ പാർട്ടി സെക്രട്ടറി സ്ഥാനം വഹിച്ചു. ആ വർഷം തന്നെ രാജ്യത്തെ പാർട്ടി പോളിറ്റ് ബ്യൂറോയിലും എത്തി. രാജ്യത്തെയും പാർട്ടിയെയും നയിക്കുന്ന 14 സുപ്രധാന നേതാക്കളിൽ ഒരാളായി അദ്ദേഹം മാറി.

2008ൽ ഫിഡൽ കാസ്ട്രോ അധികാരം ഒഴിഞ്ഞ് സഹോദരൻ റൗൾ കാസ്ട്രോ പ്രസിഡന്റായപ്പോൾ മിഗ്വേലിനെ ഉന്നതവിദ്യാഭ്യാസമന്ത്രിപദം ഏല്പിച്ചു. 2012 മാർച്ച് 22 നാണ് ക്യൂബൻ വൈസ് പ്രസിഡന്റായി അധികാരത്തിലേറിയത്. റൗളിന്റെ പിൻഗാമിയായി മിഗ്വേൽ എത്തുമ്പോൾ വിപ്ലവാനന്തരം ജനിച്ച ഒരു തലമുറയിലേക്കാണ് അധികാരമെത്തുന്നത് എന്ന പ്രത്യേകത കൂടിയുണ്ട്.

അമേരിക്കയുമായി നിലനിൽക്കുന്ന സംഘർഷവും കടുത്ത സാമ്പത്തിക പ്രതിസന്ധിയുമാണ് മിഗ്വേലിനു മുന്നിലെ പ്രധാന വെല്ലുവിളികൾ.

മിഗ്വേലും റൗൾ കാസ്ട്രോയും

സ്ത്രീസുരക്ഷയിൽ ശ്രദ്ധ വേണം; മോദിയോട് ഐ.എം.എഫ് അദ്ധ്യക്ഷ

വാഷിംഗ്ടൺ: ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്രമോദിയടക്കമുള്ള അധികാരികൾ സ്ത്രീ സുരക്ഷയ്ക്കായി കൂടുതൽ ശ്രദ്ധ ചെലുത്തണമെന്ന് ഇന്റർനാഷണൽ മോണിട്ടറി ഫണ്ട് അദ്ധ്യക്ഷ ക്രിസ്റ്റീൻ ലഗാർഡെ പറഞ്ഞു.

ജമ്മുകാശ്മീരിലെ കത്‌വയിൽ എട്ടുവയസുകാരി മാനഭംഗത്തിനിരയായി കൊല്ലപ്പെട്ട സംഭവത്തിന്റെ പശ്ചാത്തലത്തിലാണ് ഇന്ത്യയിലെ സ്ത്രീസുരക്ഷയെ കുറിച്ചുള്ള ആശങ്ക അവർ പങ്കുവച്ചത്. വാഷിംഗ്ടണിൽ മാദ്ധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അവർ.

ജനുവരിയിൽ ദാവോസിൽ നടന്ന ലോകസാമ്പത്തിക ഫോറത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പ്രസംഗത്തിൽ ഇന്ത്യയിലെ സ്ത്രീകളെപ്പറ്റി പരാമർശിച്ചിട്ടില്ലെന്ന് താൻ ചൂണ്ടിക്കാട്ടിയിരുന്നതായും എന്നാൽ സ്ത്രീകളെപ്പറ്റി വെറും പരാമർശങ്ങൾ മാത്രമല്ല ആവശ്യമെന്നും ലഗാർഡെ പറഞ്ഞു.

എന്നാൽ തന്റെ പ്രസ്താവന പൂർണമായും വ്യക്തിപരമാണെന്നും ഐ.എം.എഫിന്റെ ഔദ്യോഗിക അഭിപ്രായമല്ലെന്നും ക്രിസ്റ്റീൻ ലഗാർഡെ പിന്നീട് വ്യക്തമാക്കി.

ജസ്റ്റിസ് രജീന്ദർ സച്ചാർ അന്തരിച്ചു



രജീന്ദർ സച്ചാർ

ന്യൂഡൽഹി: ഡൽഹി ഹൈക്കോടതി മുൻ ചീഫ് ജസ്റ്റിസും മനുഷ്യാവകാശ പ്രവർത്തകനുമായ ജസ്റ്റിസ് രജീന്ദർ സച്ചാർ (94) അന്തരിച്ചു. ഡൽഹിയിലെ ഫോർട്ടിസ് ആശുപത്രിയിലായിരുന്ന അന്ത്യം. വാർദ്ധക്യസഹജമായ അസുഖങ്ങളെ തുടർന്ന് ചികിത്സയിലായിരുന്നു.

സംസ്കാരം ഇന്നലെ വൈകിട്ട് ലോധി റോഡ് ശ്മശാനത്തിൽ നടന്നു. യു.പി.എ സർക്കാരിന്റെ കാലത്ത് രാജ്യത്തെ മുസ്ലിങ്ങളുടെ സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ അവസ്ഥ പഠിച്ച ഏഴംഗ കമ്മിറ്റിയുടെ അദ്ധ്യക്ഷനായിരുന്നു. കമ്മിറ്റി 2006 നവംബറിൽ സമർപ്പിച്ച റിപ്പോർട്ടിൽ മുസ്ലിങ്ങളുടെ പിന്നാക്കാവസ്ഥ വിശദമായി രേഖപ്പെടുത്തിയിരുന്നു.

1952 ഏപ്രിലിൽ അഭിഭാഷകവൃത്തി തുടങ്ങിയ സച്ചാർ 1960 മുതൽ സുപ്രീംകോടതിയിൽ പ്രാക്ടീസ് തുടങ്ങി. പത്ത് വർഷത്തിന് ശേഷം ഡൽഹി ഹൈക്കോടതിയിൽ അഡിഷണൽ ജഡ്ജിയായ അദ്ദേഹം 72ൽ സ്ഥിരം ജഡ്ജിയുടെ പദവിയിൽ എത്തി. 1985ൽ ചീഫ് ജസ്റ്റിസായി.

മനുഷ്യാവകാശ സംരക്ഷണത്തിന് പ്രാധാന്യം കൊടുത്ത അദ്ദേഹത്തിന്റെ നിലപാടുകൾ ശ്രദ്ധേയമായിരുന്നു. ന്യായാധിപനായി വിരമിച്ച ശേഷം മനുഷ്യാവകാശ സംഘടനാ പ്രവർത്തനങ്ങളിൽ സജീവമായിരുന്നു. മനുഷ്യാവകാശ സംഘടനയായ പീപ്പിൾസ് യൂണിയൻ ഫോർ സിവിൽ ലിബർട്ടീസ് (പി.യു.സി.എൽ) അദ്ധ്യക്ഷനായും പ്രവർത്തിച്ചിട്ടുണ്ട്.

20 വർഷം സുഖനിദ്ര, എഴുന്നേറ്റപ്പോൾ പേര് 'റിപ്‌വാൻ വിങ്കിൾ'

ലണ്ടൻ: ഭൂമുഖത്തു നിന്ന് ഇല്ലാതായെന്ന് കരുതിയ ഒരാൾ തിരിച്ചുവന്നാലോ? സന്തോഷവും അദ്ഭുതവും പറഞ്ഞറിയിക്കാൻ വയ്യ അല്ലേ. ഇംഗ്ലണ്ടിലെ സസ്യശാസ്ത്രജ്ഞരാണ് അത്തരമൊരു സംഭവത്തിന് സാക്ഷ്യം വഹിച്ചത്. ഇരുപത് വർഷത്തോളം ഭൂമിക്കടിയിൽ ഒളിച്ചിരുന്ന ചില സസ്യങ്ങളാണ് വീണ്ടും വളർച്ചയുടെ ലക്ഷണങ്ങൾ കാണിച്ചത്. ഇരുപത് വർഷത്തെ സുഖനിദ്ര കഴിഞ്ഞ് എഴുന്നേറ്റ ഇവയ്ക്ക് ഗവേഷകർ നൽകിയ പേരും രസകരമാണ്. 'റിപ്‌വാൻ വിങ്കിൾ' എന്ന നോവൽ കഥാപാത്രത്തിന്റെ പേരാണ് ഓർക്കിഡ് വിഭാഗത്തിൽ പെട്ട ഈ സസ്യങ്ങൾക്ക് നൽകിയിരിക്കുന്നത്.

വാഷിംഗ്ടൺ ഇർവിംഗ് എന്ന അമേരിക്കൻ എഴുത്തുകാരന്റെ പ്രമുഖ കഥാപാത്രമാണ് 20 വർഷത്തെ ഉറക്കം കഴിഞ്ഞ് എഴുന്നേറ്റപ്പോൾ അമേരിക്കൻ വിപ്ലവത്തിനു പോലും സാക്ഷ്യം വഹിക്കാൻ സാധിക്കാതെ പോയ റിപ്‌വാൻ വിങ്കിൾ.

24 സസ്യകുടുംബങ്ങളിൽപെട്ട 114 സസ്യങ്ങളെയാണ് ഇംഗ്ലണ്ടിലെ സസെക്സ് സർവകലാശാലയിലെയും ടോക്യോ സർവകലാശാലയിലെയും ഗവേഷകർ പഠന വിധേയമാക്കിയത്.

ഇരുപത് വർഷത്തോളം നിർജീവാവസ്ഥയിൽ കഴിയാൻ കഴിവുള്ളവയാണ് 'എപിപാക്ടിസ് ഹെലെബൊറൈൻ' എന്ന ഓർക്കിഡുകളെന്ന് ഗവേഷകർ പറയുന്നു.

വിവിധം

എൻ.ഐ.എ അന്വേഷിക്കണം: ബി.ജെ.പി

തിരുവനന്തപുരം: അപ്രഖ്യാപിത ഹർത്താലിന്റെ മറവിൽ നടന്ന അക്രമസംഭവങ്ങളെക്കുറിച്ചുള്ള അന്വേഷണം എൻ.ഐ.എയ്ക്ക് കൈമാറാൻ സംസ്ഥാന സർക്കാർ തയ്യാറാകണമെന്ന് ബി.ജെ.പി സംസ്ഥാന അദ്ധ്യക്ഷൻ കുമ്മനം രാജശേഖരൻ ആവശ്യപ്പെട്ടു.

പൊലീസ് പുറത്തുവിട്ട കണക്കനുസരിച്ച് സി.പി.എം, കോൺഗ്രസ്, മുസ്ലിം ലീഗ് പാർട്ടികളിലെ പ്രവർത്തകർ ഈ കലാപ ശ്രമത്തിൽ പങ്കാളികളാണ്. അത്തരമൊരു സാഹചര്യത്തിൽ സംസ്ഥാന പൊലീസ് അന്വേഷണം കാര്യക്ഷമമാകില്ലെന്ന കാര്യം ഉറപ്പാണ്.

മാറാട് കൂട്ടക്കൊലയിലും ഇത് തന്നെയാണ് സംഭവിച്ചത്. സ്വന്തം പാർട്ടിക്കാരെ സംരക്ഷിക്കാൻ ഇടത് വലത് മുന്നണികൾ നടത്തിയ ശ്രമമാണ് ആ കേസ് അട്ടിമറിക്കപ്പെടാൻ കാരണം. ഒടുവിൽ വർഷങ്ങൾക്ക് ശേഷം ഹൈക്കോടതിയാണ് കേസ് സി.ബി.ഐക്ക് കൈമാറിയത്.

ഈ കേസിൽ അത്തരമൊരു സാഹചര്യം ഉണ്ടാകാതിരിക്കാൻ കേസ് എൻ.ഐ.എക്ക് കൈമാറണമെന്ന് കുമ്മനം ആവശ്യപ്പെട്ടു.

സിഗ്നൽ തകരാർ: 15 ട്രെയിനുകൾ വഴിയിലായി

തിരുവനന്തപുരം: വർക്കലയ്ക്കും തിരുവനന്തപുരത്തിനുമിടയിൽ മുരുക്കുംപുഴ റെയിൽവേ സ്റ്റേഷനിലെ പോയന്റ് ആക്ച്വേറ്റർ സിഗ്നൽ തകരാറിലായതിനെ തുടർന്ന് തിരുവനന്തപുരത്തേക്കുള്ള ട്രെയിൻ ഗതാഗതം താറുമാറായി.

രാവിലെ 7 നാണ് സിഗ്നൽ കേടായത്. ഇതോടെ ട്രെയിനുകൾക്ക് മുരുക്കുംപുഴ കടക്കാൻ പ്രയാസമായി. സ്റ്റേഷനിൽ ട്രെയിനുകൾ കടത്തിവിടുന്ന സിഗ്നലാണ് പോയന്റ് ആക്ച്വേറ്റർ. ഇത് കേടായതോടെ ഓപറേറ്റിംഗ് ഓഫീസർ സമീപത്തുള്ള സ്റ്റേഷനുകളിൽ നേരിട്ട് ബന്ധപ്പെട്ട് ട്രാക്ക് സുരക്ഷ ഉറപ്പാക്കി മാത്രം ട്രെയിനുകൾ കടത്തിവിടേണ്ട സ്ഥിതിയായി. ഓരോ ട്രെയിനും അതിസൂക്ഷ്മമായി സിഗ്നൽ പരിശോധിച്ച് കടത്തിവിട്ടതോടെ അവയെല്ലാം ഒന്നരമണിക്കൂറിലേറെ വൈകി. ഉച്ചവരെ തലസ്ഥാനത്ത് എത്തിച്ചേരേണ്ടിയിരുന്ന 15 ഓളം ട്രെയിനുകളാണ് കൊല്ലം മുതൽ കടയ്ക്കാവൂർ വരെയുള്ള സ്റ്റേഷനുകളിൽ പിടിച്ചിട്ടത്.

തിരുവനന്തപുരത്തുനിന്ന് പുറപ്പെടേണ്ടിയിരുന്ന ആറ് ട്രെയിനുകൾ ഒരു മണിക്കൂറോളം വൈകിയാണ് യാത്ര തുടങ്ങിയത്. ഉച്ചയ്ക്ക് 11.30 ഓടെയാണ് ഇത് പരിഹരിച്ചത്. രാവിലെ വിവിധ സർക്കാർ ഓഫീസുകളിൽ ജോലിക്കെത്തേണ്ടിയിരുന്ന ജീവനക്കാരെ ഇത് സാരമായി ബാധിച്ചു. പഞ്ചിംഗ് ഏർപ്പെടുത്തിയിട്ടുള്ളതിനാൽ പലർക്കും ഉച്ചവരെ അവധിയായി. പലചിലർ ജോലിക്ക് പോകാതെ വീടുകളിലേക്ക് മടങ്ങിപ്പോയി.

ഉദ്യോഗസ്ഥരുമായി എത്തിയിരുന്ന മാവേലി, വഞ്ചിനാട്, മലബാർ, ഇന്റർസിറ്റി, എക്സ്‌പ്രസുകളും കൊല്ലം - കന്യാകുമാരി പാസഞ്ചർ, കൊല്ലം - തിരുവനന്തപുരം പാസഞ്ചർ, ദീർഘദൂര ട്രെയിനുകളായ ബാംഗ്ലൂർ - കൊച്ചുവേളി, ചെന്നൈ - തിരുവനന്തപുരം സൂപ്പർ ഫാസ്റ്റ്, ചെന്നൈ - തിരുവനന്തപുരം മെയിൽ, മുംബായ് - കന്യാകുമാരി, ബാംഗ്ലൂർ - കന്യാകുമാരി, യശ്വന്തപുരം - കൊച്ചുവേളി, സമ്പർക്ക ക്രാന്തി, എന്നിവയും കോഴിക്കോട് - തിരുവനന്തപുരം ജനശതാബ്ദി എന്നിവയാണ് വൈകിയത്.

തിരുവനന്തപുരത്തു നിന്നുള്ള രപ്തിസാഗർ, വഞ്ചിനാട്, ഐലണ്ട്, ജനശതാബ്ദി, കേരള എക്സ്‌പ്രസ്, ചെന്നൈ മെയിൽ എന്നിവ ഒരു മണിക്കൂറിലേറെ വൈകിയാണ് പുറപ്പെട്ടത്.

വനപാലകരെ ഭയന്ന് വനാന്തരത്തിലെ പാറയിടുക്കിൽ ആദിവാസി കുടുംബം

ചാലക്കുടി: വനപാലകർ ചന്ദന മോഷണ കേസിൽ പ്രതിയാക്കിയതിനെ തുടർന്ന് പാറയിടുക്കിൽ ദുരിത ഒളിവ് ജീവിതം നയിച്ച ആദിവാസി കുടുംബത്തെ പരിസ്ഥിതി പ്രവർത്തകർ ചേർന്ന് പുറംലോകത്തെത്തിച്ചു. ടി.ബി രോഗിയായ യുവതിയെ ചാലക്കുടി താലൂക്ക് ആശുപത്രിയിലും പ്രവേശിപ്പിച്ചു. പെരിങ്ങൽക്കുത്ത് കാടർ കോളനിയിലെ ശശിക്കാണ് സാമൂഹിക മനസാക്ഷിയെ ഞെട്ടിക്കുന്ന ദുരവസ്ഥയുണ്ടായത്.

ഇയാളുടെ ഭാര്യ ഭാരതിയാണ് (22) അവശ നിലയിൽ ആശുപത്രിയിലുള്ളത്. ഇവരുടെ ഒന്നര വയസുള്ള മകൾ സജനയും ആശുപത്രിയിലുണ്ട്. കോളനിയിൽ നിന്നും 12 കിലോമീറ്ററോളം അകലെ പറമ്പിക്കുളം വനാന്തരത്തിലെ പാറയിടുക്കിലായിരുന്നു ഈ കുടുംബം. ഏഴുമാസത്തോളമായി ഗുഹയ്ക്കുള്ളിൽ കഴിഞ്ഞുവന്ന ഇവരെ ബൈജു വാസുദേവൻ, ആദിവാസി ഗീത, സാമൂഹിക ക്ഷേമ വകുപ്പിൽ നിന്നും വിരമിച്ച ഗീതാ ലക്ഷ്മി എന്നിവർ ചേർന്നാണ് പുറത്തെത്തിച്ചത്. പറമ്പിക്കുളത്തെ കരിമല റേഞ്ചിൽ നടന്ന ഏതാനും ചന്ദനമര മോഷണകേസിൽ ശശിയടക്കം പെരിങ്ങൽക്കുത്ത് കോളനിയിലെ അഞ്ച് ആദിവാസികൾ പ്രതികളാണ്.

വനപാലകരെ പേടിച്ച് മറ്റുള്ളവരും ഇത്തരത്തിൽ ഒളിവിൽ പോയിരിക്കുകയാണെന്ന് ബൈജു വാസുദേവൻ പറഞ്ഞു. രണ്ട് മാസം മുമ്പ് ആരോഗ്യ വകുപ്പ് നടത്തിയ സർവേയിലാണ് ആദിവാസി കോളനികളിലെ പലരും ഇത്തരത്തിൽ ഒളിവിലാണെന്നും ഇതിൽ ചിലർക്ക് മാരക രോഗങ്ങളുണ്ടെന്നും മനസിലായത്. ഇതേത്തുടർന്ന് ഉദ്യോഗസ്ഥരും ജനപ്രതിനിധികളും വനാന്തരത്തിൽ നടത്തിയ തെരച്ചിൽ ഫലവത്തായില്ല. സംരക്ഷണ സംഘമെന്ന് മനസിലാക്കാതെ കുടുംബം വീണ്ടും കൊടുംകാട്ടിലേക്ക് കടന്നു കളയുകയായിരുന്നു. കഴിഞ്ഞ ദിവസം എത്തിയ പരിചിതരായ പരിസ്ഥിതി പ്രവർത്തകർ ബലമായാണ് ഇവരെ കൂട്ടിക്കൊണ്ടു വന്നത്. യുവതി ആശുപത്രിയിൽ എത്തിച്ചതറിഞ്ഞ് ബി.ഡി.ജെ.എസ് സംസ്ഥാന ജനറൽ സെക്രട്ടറി കെ.എ. ഉണ്ണിക്കൃഷ്ണൻ, മുൻ എം.എൽ.എ ടി.യു. രാധാകൃഷ്ണൻ, പഞ്ചായത്തംഗം പി.എം. പുഷ്പാംഗദൻ എന്നിവർ സ്ഥലത്തെത്തി.

ശശിയും കുടുംബവും കാട്ടിൽ നിന്നും പുറത്തുവരുന്ന

ജനസേവ ശിശുഭവനിലെ മഹാലക്ഷ്മിയെ ജോസ് മാവേലി വെങ്കിടേഷ് കൈപിടിച്ചേൽപ്പിക്കുന്നു

ജനസേവ ശിശുഭവനിലെ മഹാലക്ഷ്മി മംഗല്യവതിയായി

ആലുവ: തെരുവിൽ നിന്നുള്ള കുട്ടികളെ രക്ഷപ്പെടുത്തി സംരക്ഷിക്കുന്ന ആലുവ ജനസേവ ശിശുഭവനിൽ വീണ്ടും മംഗല്യമേളം. 12 വർഷം മുമ്പ് ഏറ്റുമാനൂരിലെ ഭിക്ഷാടന മാഫിയയിൽ നിന്നും രക്ഷപ്പെട്ട് ജനസേവയിലെത്തിയ മഹാലക്ഷ്മിയാണ് സുമംഗലിയായത്. തിരുവനന്തപുരം മണക്കാട് ആനവാൽ സ്ട്രീറ്റിലെ ഗണപതി-കാവേരി ദമ്പതികളുടെ മകൻ വെങ്കിടേഷാണ് ഇന്നലെ രാവിലെ ആലുവ ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ വച്ച് താലി ചാർത്തിയത്.

തിരുവനന്തപുരം ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിലെ പരികർമ്മിയാണ് വെങ്കിടേഷ്. നിർദ്ധന പെൺകുട്ടിയെ വിവാഹം കഴിക്കണമെന്നത് വെങ്കിടേഷിന്റെ ആഗ്രഹമായിരുന്നു. മാർച്ച് 19ന് ജനസേവയിൽ വിവാഹനിശ്ചയം നടന്നു. മഹാലക്ഷ്മിയുടെ വിവാഹത്തോടെ ജനസേവയിലെ പത്താമത്തെ പെൺകുട്ടിയാണ് ദാമ്പത്യജീവിതത്തിലേക്ക് കടക്കുന്നത്.

2006ൽ ഭിക്ഷാടനത്തിൽ നിന്നും ഏറ്റുമാനൂർ പൊലീസിന്റെ സഹായത്തോടെയാണ് ഏഴ് വയസുകാരി മഹാലക്ഷ്മിയെ രക്ഷിച്ചത്.

കറുകുറ്റി സെന്റ് ജോസഫ് സ് കൂളിൽ നിന്ന് എസ്.എസ്.എൽ.സി പാസായ ശേഷം ഫാഷൻ ഡിസൈനിംഗ് പഠിക്കുകയാണിപ്പോൾ. ജനസേവ ചെയർമാൻ ജോസ് മാവേലിയും ഭാര്യ റോസി ജോസും ചടങ്ങുകൾക്ക് നേതൃത്വം നൽകി.